**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6651** **11-07-2024 - ൽ മറുപടിയ്ക്ക്**

**പി.ടി.എ. ഫണ്ട് പിരിവ് ഏകീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എയ്ഡഡ്, അൺ എയ്ഡഡ് ഉൾപ്പെടെയുള്ള വിവിധ സ്കൂളുകളിൽ പല രീതിയിൽ പി.ടി.എ. ഫണ്ടിന്റെ നിർബന്ധിത പിരിവ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പിരിവ് ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | പി.ടി.എ. ഫണ്ടിന്റെ നിർബന്ധിത പിരിവ് നടത്തുന്നതുമായി ബന്ധപ്പെട്ട് ഒറ്റപ്പെട്ട പരാതികൾ ലഭ്യമായ സ്കൂളുകളിൽ അന്വേഷണം നടത്തിയപ്പോൾ രക്ഷകർത്താക്കൾ സ്കൂളിനായി തങ്ങളുടെ ഇഷ്ടപ്രകാരം നൽകിയ തുകകൾ ആണ് സ്വീകരിച്ചതെന്നും നിർബന്ധമായ പിരിവുകൾ നടന്നിട്ടില്ല എന്നും കണ്ടെത്തുകയുണ്ടായി. ഗവൺമെന്റ് / എയ്ഡഡ് സ്കൂളുകളിലെ പി.ടി.എ ഫണ്ട് ശേഖരണവുമായി ബന്ധപ്പെട്ട നിർദ്ദേശം 25.06.2007 ലെ സ.ഉ(കയ്യെഴുത്ത്) നം.126/2007/പൊ.വി.വ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഓരോ വിഭാഗത്തിലേയും വിദ്യാർത്ഥിയുടെ രക്ഷിതാവിൽ നിന്നും അക്കാദമിക ആവശ്യങ്ങൾക്കായി ശേഖരിക്കാവുന്ന തുക നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പി.ടി.എ. ഫണ്ടിന് നിലവിൽ ഓഡിറ്റിംഗ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ഫണ്ടിന്റെ ഓഡിറ്റിംഗ് നടത്തി പ്രസ്തുത ഫണ്ടുപയോഗം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പി.ടി.എ ജനറൽബോഡി തെരെഞ്ഞെടുക്കുന്ന 2 അംഗ സമിതി പി.ടി.എയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടതുണ്ട്. കൂടാതെ ബന്ധപ്പെട്ട എ.ഇ.ഒ / വിദ്യാഭ്യാസ ഉപഡയറക്ടർ/ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ(എച്ച്.എസ്.എസ്)/ അസിസ്റ്റന്റ് ഡയറക്ടർ (വി.എച്ച്.എസ്.എസ്) എന്നിവരും ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് 25.06.2007 ലെ സ.ഉ(കയ്യെഴുത്ത്) നം.126/2007/ പൊ.വി.വ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. അത് പ്രകാരം കണക്ക് പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ